## അദ്ധ്യായം ഇരുപത്തി അഞ്ച്

# ദൈവത്തിന്റെ ശിക്ഷണം

**(God's Discipline)**

> നിങ്ങളുടെ ഉള്ളിൽ ക്ഷീണിച്ചു മടുക്കാതിരിപ്പാൻ പാപികളാൽ തനിക്കു നേരിട്ട ഇങ്ങനെയുള്ള വിരോധം സഹിച്ചവനെ ധ്യാനിച്ചുകൊൾവിൻ. പാപത്തോടു പോരാടുന്നതിൽ നിങ്ങൾ ഇതുവരെ പ്രാണത്യാഗത്തോളം എതിർത്തുനിന്നിട്ടില്ല. മകനേ, കർത്താവിന്റെ ശിക്ഷ നിരസിക്കരുതു. അവൻ ശാസിക്കുമ്പോൾ മുഷികയുമരുത്. കർത്താവു താൻ സ്നേഹിക്കുന്നവനെ ശിക്ഷിക്കുന്നു; താൻ കൈക്കൊള്ളുന്ന ഏതു മകനെയും തല്ലുന്നു. എന്നിങ്ങനെ മക്കളോടു എന്നപോലെ നിങ്ങളോടു സംവാദിക്കുന്ന പ്രബോധനം നിങ്ങൾ മറന്നുകളഞ്ഞുവോ? നിങ്ങൾ ബാലശിക്ഷ സഹിച്ചാൽ ദൈവം മക്കളോടു എന്നപോലെ നിങ്ങളോടു പെരുമാറുന്നു; അപ്പൻ ശിക്ഷിക്കാത്ത മകൻ എവിടെയുള്ളു? എല്ലാവരും പ്രാപിക്കുന്ന ബാലശിക്ഷ കൂടാതിരിക്കുന്നു എങ്കിൽ നിങ്ങൾ മക്കളല്ല കൗടലേയന്മാരത്രേ. നമ്മുടെ ജഡസംബന്ധമായ പിതാക്കന്മാർ നമ്മെ ശിക്ഷിച്ചപ്പോൾ നാം അവരെ വണങ്ങിപ്പോന്നുവല്ലോ; ആത്മാക്കളുടെ പിതാവിന്നു ഏറ്റവും അധികമായി കീഴടങ്ങി ജിവിക്കേതല്ലയോ? അവർ ശിക്ഷിച്ചതു കുറെക്കാലവും തങ്ങൾക്കു ബോധിച്ചപ്രകാരവുമത്രേ; അവനോ, നാം അവന്റെ വിശുദ്ധി പ്രാപിക്കേതിന്നു നമ്മുടെ ഗുണത്തിന്നായി തന്നേ ശിക്ഷിക്കുന്നതു. ഏതു ശിക്ഷയും തത്കാലം സന്തോഷകരമല്ല. ദുഃഖകരമത്രേ എന്നു തോന്നും പിന്നത്തേതിലോ അതിനാൽ അഭ്യാസം വന്നവർക്കു നീതി എന്ന സമാധാനഫലം ലഭിക്കും. ആകയാൽ തളർന്ന കയ്യും കുഴഞ്ഞ മുഴങ്കാലും നിവർത്തുവിൻ. മുടന്തുള്ളതു ഉളുക്കിപ്പോകാതെ ഭേദമാകേതിന്നു നിങ്ങളുടെ കാലിന് പാത നിരത്തുവിൻ (എബ്രാ 12:3-13).

സ്വർഗ്ഗസ്ഥനായ പിതാവ് തന്റെ മക്കളെ നിയന്ത്രിച്ചു വഴിനടത്തുന്നു എന്ന് ആത്മപൂർണ്ണനായ എബ്രായ ലേഖനകർത്താവ് രേഖപ്പെടുത്തുന്നു. ദൈവത്താൽ നിയന്ത്രിക്കപ്പെടുന്നില്ലായെങ്കിൽ നാം ദൈവത്തിന്റെ മക്കളല്ല. അതുകൊ് ദൈവത്തിന്റെ നടത്തിപ്പിനെക്കുറിച്ച് നാം ബോധമുള്ളവരായിരിക്കണം. ചിലർ ദൈവത്തിൽ നിന്ന് അനുഗ്രഹങ്ങളും നന്മകളും മാത്രം കാംക്ഷിക്കുന്നു; തിന്മയായിട്ടെന്തെങ്കിലും സംഭവിച്ചാൽ അത് പിശാചിന്റെ പ്രവർത്തിയാണെന്നു അവർ വ്യാഖ്യാനിക്കും. ഇതൊരു വലിയ തെറ്റിദ്ധാരണയാണ്. ദൈവം ചിലരെ ശിക്ഷണത്തിലൂടെ

അനുതാപത്തിലേക്കു നയിക്കും. ദൈവത്തിൽ നിന്നുള്ള ശിക്ഷണം സാത്താന്റെ ബന്ധനമാണെന്ന് തെറ്റിദ്ധരിക്കരുത്.

മാതാപിതാക്കൾ തങ്ങളുടെ കുഞ്ഞുങ്ങളുടെ ഭാവി ജീവിതം നന്മ നിറഞ്ഞതായിത്തീരാൻ ശിക്ഷണത്തിൽ വളർത്താറ്. നമ്മുടെ പിതാവായ ദൈവം തന്റെ മക്കളായ നമ്മെ ആത്മീകമായി വളരാനും തന്റെ വേലയ്ക്ക് പ്രാപ്തരാകാനും ന്യായവിധിക്കുമുമ്പിൽ പതറാതെ നില്ക്കാനും നമ്മെ ശിക്ഷണത്തിലൂടെ നിയന്ത്രിച്ച് വഴിനടത്താറ്. ദൈവം നമ്മെ സ്നേഹിക്കുന്നതുകൊണ്, നമ്മെ ശിക്ഷണത്തിൽ നടത്തുന്നത്. നാം വിശുദ്ധിയുള്ളവരായിരിക്കണമെന്നും ദൈവം ആഗ്രഹിക്കുന്നു. നമ്മുടെ ആത്മീക വളർച്ചയാണ് സ്വർഗ്ഗസ്ഥനായ പിതാവിന്റെ ലക്ഷ്യം.

വചനം പറയുന്നു ഞാൻ നിങ്ങളെ ഓർക്കുമ്പോൾ ഒക്കെയും എന്റെ ദൈവത്തിനു സ്തോത്രം ചെയ്യുന്നു (ഫിലി 1:6).

ഒരു കുഞ്ഞും മാതാപിതാക്കളുടെ ശിക്ഷ ഇഷ്ടപ്പെടുന്നില്ല, അതുപോലെ ദൈവത്തിന്റെ ശിക്ഷണം തല്ക്കാലം സന്തോഷകരമല്ല . ദുഃഖകരം തന്നെയാണ്. എന്നാൽ ശിക്ഷണത്തിന്റെ അവസാനം നമുക്ക് നീതിയുടെ ഫലമായ സമാധാനം ലഭിക്കും.

## എപ്പോൾ എങ്ങനെയാണ് ദൈവം നമ്മെ ശിക്ഷിക്കുന്നത്?

## (When and How Does God Discipline Us?)

ഒരു നല്ല പിതാവിനെപ്പോലെ, അനുസരണക്കേടിനാണ് ദൈവവും ശിക്ഷ കൊടുക്കുന്നത്. നാം എപ്പോൾ അനുസരണക്കേട് കാണിക്കുന്നുവോ അപ്പോൾ മുതൽ നമുക്ക് ദൈവത്തിൽനിന്നും ശിക്ഷ പ്രതീക്ഷിക്കാം. ദൈവം കരുണാമയനാണ്, തന്മൂലം അനുതപിക്കാൻ ദൈവം നമുക്ക് വേുവോളം സമയം തരും. തുടർച്ചയായ അനുസരണക്കേട് കാണിക്കുമ്പോഴും ദൈവം തുടർച്ചയായ മുന്നറിയിപ്പുകൾ നൽകും, എന്നിട്ടും അനുസരണക്കേട് തുടർന്നാൽ ദൈവം ശിക്ഷിക്കുകതന്നെ ചെയ്യും.

എങ്ങനെയാണ് ദൈവം നമ്മെ ശിക്ഷിക്കുന്നത്? കഴിഞ്ഞ അദ്ധ്യായത്തിൽ നാം പഠിച്ചതുപോലെ, നമ്മുടെ അനുസരണക്കേടിന് ശിക്ഷ ഉറപ്പാണ്. അത് ബലഹീനതയായോ, രോഗമായോ, അകാലമരണമായോ വന്നുചേരും.

> ഇതുഹേതുവായി നിങ്ങളിൽ പലരും ബലഹീനരും രോഗികളും ആകുന്നു; അനേകരും നിദ്രകൊള്ളുന്നു. നാം നമ്മെത്തന്നെ വിധിച്ചാൽ വിധിക്കപ്പെടുകയില്ല. വിധിക്കപ്പെടുന്നു എങ്കിലൊ നാം ലോകത്തോടുകൂടെ ശിക്ഷാവിധിയിൽ അകപ്പെടാതിരിക്കേതിനു കർത്താവു നമ്മെ ബാലശിക്ഷ കഴിക്കയാകുന്നു (1 കൊരി 11: 30-32).

എല്ലാ രോഗങ്ങളും ദൈവത്തിന്റെ ശിക്ഷയാണെന്ന് ധരിക്കരുത് (ഇയ്യോബിന്റെ കഥ ഓർമ്മയിൽ വരുന്നു) രോഗം വരുമ്പോൾ അനുസരണക്കേടിലൂടെ ദൈവികശിക്ഷയ്ക്കുള്ള വാതിൽ നാം തുറന്നിട്ടിട്ടുണ്ടോ എന്ന് ഒരു ആത്മീകപരിശോധന നടത്തുന്നത് നന്നായിരിക്കും.

അനുസരണക്കേടിലൂടെ കടന്നു വന്ന പാപത്തെ ഏറ്റുപറഞ്ഞ് അനുതപിച്ചാൽ തീർച്ചയായും ദൈവത്തിന്റെ ന്യായവിധിയിൽനിന്ന് നമുക്ക് രക്ഷ പ്രാപിക്കാം. ദൈവശിക്ഷയാണ് രോഗകാരണമെങ്കിൽ തീർച്ചയായും അനുതപിച്ചാൽ സൗഖ്യം ലഭിക്കുമെന്ന് നിങ്ങൾക്ക് അനുഭവത്തിൽനിന്നും അറിയാൻ കഴിയും.

പൗലോസ് പറഞ്ഞു: നാം ലോക മനുഷ്യനെപ്പോലെ ന്യായം വിധിക്കപ്പെടുകയില്ല. എന്താണിതിന്റെ അർത്ഥം. ദൈവത്തിന്റെ മക്കൾ അനുതപിച്ചാൽ ന്യായവിധിയിലൂടെ ലോകമനുഷ്യനെപ്പോലെ നരകത്തിലേക്കുനയിക്കപ്പെടുകയില്ല. വിശുദ്ധിയുള്ളവർക്കെ സ്വർഗ്ഗത്തിൽ കടക്കാൻ കഴിയുകയുള്ളു എന്നു വാദിക്കുന്നവർക്കു ഇത് ഉൾക്കൊള്ളാൻ പ്രായാസമായിരിക്കും. അനുസരിക്കുന്നവൻ മാത്രമെ സ്വർഗ്ഗരാജ്യം അവകാശമാക്കുകയുള്ളു (മത്താ 7:21), എന്ന് യേശുവിന്റെ ഗിരിപ്രഭാഷണം ശ്രവിച്ച ഏതൊരുവനും മനസ്സിലാകും. അനുതപിച്ചില്ലെങ്കിൽ നിത്യജീവൻ ന മുക്ക് നഷ്ടപ്പെടും. ശിക്ഷണം മൂലം നമ്മെ അനുതാപത്തിലൂടെ നരകത്തിൽനിന്ന് രക്ഷയിലേക്കു നയിക്കുന്ന ദൈവത്തിനു സ്തുതി അർപ്പിക്കാം.

## പിശാച് ന്യായവിധിയുടെ ഒരു ആയുധം
## (Satan as a Tool of God's Judgement)

ദൈവം തന്റെ ശിക്ഷാനടപടിക്ക് സാത്താനെ ഉപയോഗിക്കുന്നു എന്നതിന് വചനത്തിൽ അനേക തെളിവുകൾ ഉ്. ഉദാഹരണത്തിന് മത്തായിയുടെ സുവിശേഷം 18ാം അദ്ധ്യായത്തിൽ വിവരിച്ചിരിക്കുന്ന യജമാന ൻ തന്റെ ദാസന് ശിക്ഷ ഇളവുചെയ്തുകൊടുത്തു എന്നാൽ ആ ദാസൻ തന്റെ കടക്കാരനോടു ക്ഷമകാട്ടിയില്ലായെന്നറിഞ്ഞ യജമാനൻ കോപം കൊ് ജ്വലിച്ചു. തന്റെ കടം വീട്ടുന്നതുവരെ അവനെ ദണ്ഡിപ്പിക്കുവാൻ ഏല്പിച്ചുകൊടുത്തു (മത്താ 18:34) യേശു ഈ ഉപമ ഇങ്ങനെ അവസാനിപ്പിക്കുന്നു.

> നിങ്ങൾ ഓരോരുത്തൻ സഹോദരനോടു ഹൃദയപൂർവ്വം ക്ഷമിക്കാഞ്ഞാൽ സ്വർഗ്ഗസ്ഥനായ എന്റെ പിതാവു അങ്ങനെതന്നേ നിങ്ങളോടും ചെയ്യും (മത്താ: 18:35).

ആരാണ് ദണ്ഡിപ്പിക്കുന്നത്? സാത്താനും അവന്റെ സൈന്യവുമാണ് ദണ്ഡിപ്പിക്കുന്നത്. അനുസരണയില്ലാത്ത തന്റെ മകനെ അനുസരണ പ ഠിപ്പിക്കാൻ ദൈവം പിശാചിനെ അനുവദിക്കും. എന്നിട്ടും അനുസരണ പ ഠിച്ചില്ലെങ്കിൽ ദൈവം അവന്റെ നിത്യത എടുത്തുകളയും.

അനുതാപത്തിലേക്കുനയിക്കാൻ ദൈവം കഷ്ടതയും നഷ്ടവും അനുവദിക്കും. മുടിയനായ പുത്രൻ അതിനു വ്യക്തമായ ഉദാഹരണമാണ് (ലൂക്കോ 15: 14-19).

ദൈവകോപത്തിന് പാത്രമായവരെ ശിക്ഷിക്കാൻ ദൈവം പിശാചിനെയും അവന്റെ സൈന്യത്തേയും ഉപയോഗിക്കുന്നു എന്നതിന് അനേക ഉദാഹരണങ്ങൾ പഴയനിയമത്തിൽ നമുക്ക് കാണാം. ന്യായധിപന്മാരുടെ പുസ്തകം 9ാം അദ്ധ്യായം നോക്കാം, അവിടെ നാം ഇങ്ങനെ വായിക്കുന്നു. അബീമേലെക്കിന്നും ശേഖേം പൗരന്മാർക്കും തമ്മിൽ ഛിദ്രബുദ്ധി വരുത്തി; ശേഖേം പൗരന്മാർ അബീമേലെക്കിനോടു ദ്രോഹം തുടങ്ങി (ന്യായ 9:23) ഗിദയോന്റെ മക്കൾക്ക് എതിരായി അവർ ചെയ്ത ദുഷ്പ്രവർത്തിയുടെ ന്യായവിധിയാണ് ഇവിടെ നാം കാണുന്നത്.

ദൈവം അയച്ച ഒരു ദുരാത്മാവ് ശൗലിനെ ദണ്ഡിപ്പിച്ചു, അവനെ അനുതാപത്തിലേക്ക് നടത്താനാണ് ദൈവം അങ്ങനെ ചെയ്തത്. എന്നാൽ അവൻ അനുതപിച്ചില്ല. തന്മൂലം അവന്റെ മത്സരം മൂലം അവൻ യുദ്ധക്കളത്തിൽ പട്ടുപോയി.

''ദൈവത്തിൽനിന്നും അയക്കപ്പെട്ട ഒരു ദൂതൻ'' എന്ന് പഴയനിയമത്തിൽ ഉദാഹരണങ്ങൾ കാണുന്നു. സ്വർഗ്ഗത്തിൽ ദൈവത്തിന്റെ ആജ്ഞകാത്തുനില്ക്കുന്ന ദുഷ്ടാത്മസേനയു് എന്ന് തെറ്റിദ്ധരിക്കരുത്. ഒരുവൻ പാപത്തിൽനിന്നു പിന്തിരിഞ്ഞ് അനുതപിക്കാൻ വേി ദൈവം പിശാചിനേയും അവന്റെ സൈന്യത്തേയും ഒരുവന്റെ മേൽ പ്രവർത്തിക്കുവാൻ അനുവദിക്കുന്നു എന്നത് വാസ്തവമാണ്.

## ദൈവത്തിന്റെ ശിക്ഷണത്തിന്റെ മറ്റു മാതൃകകൾ (Other Means of God's Discipline)

പഴയനിയമപ്രകാരം ദൈവം താൻ സ്നേഹിക്കുന്നവരെ പ്രതികൂലം, പട്ടിണി, ശത്രുവിന്റെ ആക്രമണം മുതലായ മാർഗ്ഗത്തിൽ ശിക്ഷിക്കുന്നുവെന്നു നാം കു. വിളിച്ചപേക്ഷിക്കുമ്പോൾ ദൈവം അവരെ വിടുവിക്കുകയും ചെയ്യുന്നു. അനുതപിക്കാൻ കൂട്ടാക്കാതിരുന്നാൽ ദൈവം വീും മുന്നറിയിപ്പുകൾ നൽകുകയും അവസാനം ശത്രുവിന് അവരുടെ മേൽ അധികാരം നൽകുകയും ശത്രുക്കൾ അവരെ പിടിച്ച് പ്രവാസികളാക്കുകയും ചെയ്യും.

എന്നാൽ പുതിയ നിയമ ഉടമ്പടി പ്രകാരം അനുസരണംകെട്ടവരെ ദൈവം പ്രതികുലത്തിലേക്ക് നയിക്കുകയും, ശത്രു അവരുടെ മേൽ വാഴുവാൻ അനുവദിക്കുകയും ചെയ്യും. എബ്രാ 12: 3-13 വരെയുള്ള വചനഭാഗങ്ങളിൽനിന്ന് ദൈവം എബ്രായ വിശ്വാസികളെ അവരുടെ വിശ്വാസത്തിന്റെ തകർച്ചയുടെ പേരിൽ പ്രബോധിപ്പിക്കുന്നതു കാണാം.

എല്ലാ ശിക്ഷയും നൽകപ്പെടുന്നത് അനുസരരണക്കേടിനാണ്.ഓരോന്നും പ്രത്യേകം മനസ്സിലാക്കണം.

### ദൈവത്തിന്റെ ശിക്ഷണത്തിന് ശരിയായി പ്രതികരിക്കുന്നത്
### (Rightly Reading to God's Discipline)

ഈ അദ്ധ്യായത്തിന്റെ തുടക്കത്തിൽ മുന്നറിയിപ്പുനൽകിയതുപോലെ, ദൈവിക ശിക്ഷണത്തിന് മനുഷ്യൻ തെറ്റായി പ്രതികരിക്കുന്നു. ഒന്നുകിൽ ദൈവത്തിന്റെ ശിക്ഷയെ ലഘുവായികാണാം. അല്ലെങ്കിൽ ദൈവ ശിക്ഷയെ നിന്ദിക്കാം (എബ്രാ 12:5). ദൈവശിക്ഷയെ ലഘുവായിട്ടെടുത്താൽ അതിന്റെ അർത്ഥം ഒന്നുകിൽ നാം അതു തിരിച്ചറിഞ്ഞിട്ടില്ല അല്ലെങ്കിൽ നാം ദൈവിക മുന്നറിയിപ്പിനെ അവഗണിക്കുന്നു. ദൈവിക ശിക്ഷക്കുമുമ്പിൽ നാം പതറിപ്പോയാൽ ദൈവത്തെ അവഗണിക്കുകയും ദൈവികശിക്ഷ കഠിനമെന്ന് സ്വയം കരുതുകയും ചെയ്യും . ഈ രു പ്രതികരണങ്ങളും തെറ്റാണ്. ദൈവം നമ്മെ സ്നേഹിക്കുന്നെന്നും, ദൈവം താൻ സ്നേഹിക്കുന്നവരെ ശിക്ഷിക്കുന്നെന്നും നാം തിരിച്ചറിയണം. ദൈവസ്നേഹത്തിന്റെ ശിക്ഷയുടെ കരം നാം തിരിച്ചറിഞ്ഞാൽ നാം അനുതപിക്കുകയും ദൈവത്തിൽ നിന്നു ക്ഷമ പ്രാപിക്കുകയും ചെയ്യും.

ഒരിക്കൽ നാം അനുതപിച്ചാൽ ദൈവശിക്ഷയിൽനിന്നു നമുക്ക് ആശ്വാസം ലഭിക്കും. നമ്മുടെ പാപത്തിന്റെ പരിണിത ഫലത്താൽ ഉളവായ ദുഃഖം, നാം അനുഭവിച്ചേമതിയാകു, അതിൽനിന്നുള്ള വിടുതലിനായി ദൈവത്തോടു യാചിച്ചിട്ടുകാര്യമില്ല. ദൈവം താഴ്മയോടും മനസലിവോടും പ്രവർത്തിക്കുന്നു (യെശ 66:2). അവന്റെ കോപം ക്ഷണനേരത്തേക്കേയുള്ളു, അവന്റെ പ്രസാദമോ ജീവപര്യന്തമുള്ളത്; സന്ധ്യയിങ്കൽ കരച്ചിൽവന്നു രാപാർക്കും; ഉഷസ്സിലോ ആനന്ദഘോഷം വരുന്നു. (സങ്കീ 30:5).

ദൈവത്തിന്റെ ന്യായവിധി യിസ്രായേൽ ജനത്തിന്റെ മേൽ വീണശേഷം ദൈവം അരുളിചെയ്തു.

> അല്പനേരത്തേക്കുമാത്രം ഞാൻ നിന്നെ ഉപേക്ഷിച്ചു; എങ്കിലും മഹാകരുണയോടെ ഞാൻ നിന്നെ ചേർത്തുകൊള്ളും. ക്രോധാധിക്യത്തിൽ ഞാൻ ക്ഷണനേരത്തേക്ക് എന്റെ മുഖം നിനക്കു മറച്ചു; എങ്കിലും നിത്യദയയോടെ ഞാൻ നിന്നോടുകരുണകാണിക്കും എന്നു നിന്റെ വീടെുപ്പുകാരനായ യഹോവ അരുളിചെയ്യുന്നു (യെശ 54:7–8).

ദൈവം എത്രനല്ലവനും കരുണാമയനുമാണ്.

ദൈവിക ശിക്ഷണത്തെക്കുറിച്ചുള്ള കൂടുതൽ പഠനത്തിന് താഴെക്കാണുന്ന വചനഭാഗങ്ങൾ നോക്കുക. 2ദിന 6:24–31, 36–39; 7:13–14, സങ്കീ 73:14, 94:12–13;

106: 40–46, 118–18; 119: 67, 71, യിര 2: 29–30; 5: 23–25, 14:12; 30:11, ഹഗ്ഗായി 1:2–13; 2:17; അപ്ര 5:1–11, വെളി 3:19.